ഭരണഭാഷ മാതൃഭാഷ
KOZHIKODE MUNICIPAL CORPORATION
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ബീച്ച് പി ഒ, കോഴിക്കോട്-673 032, ഫോൺ. 0495-2365040 ഫാക്സ്. 0495-2366875
E-mail. secretarykkd@gmail.com
www. kozhikodecorporation.lsgkerala.gov.in

ഡി3/72339/2018

കോർപ്പറേഷൻ ഓഫീസ്
കോഴിക്കോട്. തീയ്യതി 30/08/2019

## ടെണ്ടർ നോട്ടീസ്

കോഴിക്കോട് നഗരസഭയുടെ നിലവിലുള്ള കൗൺസിലിന്റെ കാലയളവിലെ (ഒക്ടോബർ 2015 മുതൽ 2019-20 സാമ്പത്തിക വർഷാവസാനം വരെ) പ്രധാന ഇവന്റുകൾ/പ്രോജക്ടുകൾ ഡോക്യുമെന്റ് ചെയ്യുന്നതിനും (പ്രിന്റ്, ഫോട്ടോ, ഓഡിയോ, വീഡിയോ ഫോർമാറ്റുകളിൽ) ആയത് കോർപ്പറേഷൻ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാവുന്ന ഫോർമാറ്റിൽ (jpg/pdf/mp4/avi/mkv etc) ലഭ്യമാക്കുന്നതിനും മൽസര സ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു. ഡോക്യുമെന്റേഷന് ഉപയോഗിക്കുന്ന പേപ്പർ/മറ്റു ഫോർമാറ്റുകൾ എന്നിവയുടെ സ്പെസിഫിക്കേഷൻ (ക്വാളിറ്റി, നിരക്ക്, മുതലായവ) സംബന്ധിച്ച് ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടർ 20.09.2019 ഉച്ചക്ക് 3 മണി വരെ കൗൺസിൽ വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്. ടെണ്ടറിൽ ക്വാട്ട് ചെയ്യുന്ന തുകയുടെ ഒരു ശതമാനം (മിനിമം 1500/- രൂപ) ഇ.എം.ഡി ആയി സമർപ്പിക്കേണ്ടതാണ് (അടങ്കൽ തുക 4,50,000/- രൂപ). മുൻ വർഷങ്ങളിലെ ഇവന്റുകൾ സംബന്ധിച്ച വിവരണങ്ങൾ കൗൺസിൽ വിഭാഗത്തിൽ നിന്നും നൽകുന്നതാണ്. ലഭ്യമായ ഫോട്ടോകളും നൽകുന്നതാണ്. ബാക്കി ഫോട്ടോകൾ/വിവരണങ്ങൾ പി ആർ ഡി ആർക്കൈവ്സിൽ നിന്നോ മറ്റു മാധ്യമങ്ങളിൽ നിന്നോ ശേഖരിക്കേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച അന്തിമ തീരുമാനം കൗൺസിലിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ നഗരസഭ കൗൺസിൽ വിഭാഗത്തിൽ നിന്നും ലഭിക്കുന്നതാണ്. കൂടാതെ www.kozhikodecorporation.lsgkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്

സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

നിബന്ധനകൾ

1. ടെണ്ടർ തരുന്ന തുകയുടെ ഒരു ശതമാനം (മിനിമം 1500/- രൂപ) ഇ.എം.ഡി ആയി സമർപ്പിക്കേണ്ടതാണ്.
2. നിശ്ചിത മാതൃകയിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക കരാറുടമ്പടി തയ്യാറാക്കി ഒപ്പ് വെച്ച് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനത്തിന്റെ ലൈസൻസ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
4. ടെണ്ടർ അംഗീകരിച്ച അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ക്വാട്ട് ചെയ്ത തുകയുടെ അഞ്ച് ശതമാനം വരുന്ന തുകക്കുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ് (സെക്രട്ടറിയുടെ പേരിൽ മാറാവുന്ന ഷെഡ്യൂൾ ബാങ്കിൽ നിന്നും എടുത്ത ഫിക്സഡ് ഡിപ്പോസിറ്റ്, സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത എൻ.എസ്സ്.സി, എന്നിവയിൽ ഏതെങ്കിലും ഒന്ന്) ഹാജരാക്കേണ്ടതും 200/- രൂപയുടെ മുദ്രപത്രത്തിൽ ഉടമ്പടി വെക്കേണ്ടതുമാണ്.
5. ടെണ്ടർ സംബന്ധിച്ച അന്തിമ തീരുമാനം കൗൺസിലിൽ നിക്ഷിപ്തമാണ്.
6. ടെണ്ടർ സ്വീകരിക്കുന്ന ദിവസം/ടെണ്ടർ തുറക്കുന്ന ദിവസം യാദൃശ്ചികമായി അവധി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്ത് ടെണ്ടർ സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതുമാണ്.
7. ടെണ്ടർ 23/09/2019 രാവിലെ 11.00 മണിക്ക് തുറന്ന് പരിശോധിക്കുന്നതാണ്.

സെക്രട്ടറി
കോഴിക്കോട് നഗരസഭ